(ബി) ഈ വരുമാനം പ്രധാനമായും അതാതു ദേവസ്വങ്ങളുടെ കീഴിലുള്ള ക്ഷേത്രങ്ങളിലെ നിത്യനിദാന ചെലവുകൾക്കും ജീവനക്കാരുടെ ശമ്പളം, ആനുകൂല്യം എന്നിവയ്ക്കും, ക്ഷേത്രങ്ങളിലെ വികസന പ്രവർത്തനങ്ങൾ, മരാമത്തു പണികൾ ഗ്രാന്റ്, പൂജാ ഗ്രാന്റ്, കലാപീഠം, മതപാഠശാലകൾ എന്നിവയുടെ നടത്തിപ്പ്, ക്ഷേത്ര പുനരുദ്ധാരണം, ആനുകാലികോത്സവം, അംശാദായം, ക്ഷേമനിധി വിഹിതം, ഭരണ ചെലവുകൾ എന്നിവയ്ക്കായി ഉപയോഗിക്കുന്നു.

(സി, ഡി) തിരുവിതാംകൂർ ദേവസ്വം ബോർഡിനു കോൺട്രിബ്യൂഷൻ തുകയും, സ്പെഷ്യൽ ഗ്രാന്റുമായി 2001, 2002 വർഷങ്ങളിൽ 61,50,000 രൂപ വീതവും 2003 വർഷം മുതൽ കോൺട്രിബ്യൂഷൻ തുകയായി 80 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. എച്ച്. ആർ. ആൻഡ് സി. ഇ.-ക്ക് നൽകിയ ധനസഹായത്തിന്റെ വിവരം താഴെ ചേർക്കുന്നു.

വർഷം	ജീർണ്ണോദ്ധാരണ ഗ്രാന്റ്	മാനേജ്മെന്റ് ഫണ്ട്
2001-02	50 ലക്ഷം	1 കോടി രൂപ
2002-03	50 ലക്ഷം	1 കോടി രൂപ
2003-04	50 ലക്ഷം	3 കോടി രൂപ
2004-05	50 ലക്ഷം	3 കോടി രൂപ

ഗുരുവായൂർ ക്ഷേത്രത്തിലെ സുരക്ഷാ ഏർപ്പാടുകൾ

100 [1997] ശ്രീ. ഡി. സുഗതൻ :

ശ്രീമതി ശോഭനാ ജോർജ്ജ് :

ശ്രീ. ടി. വി. ചന്ദ്രമോഹൻ :

,, എം. എ. ചന്ദ്രശേഖരൻ :

,, ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രത്തിൽ എന്തെല്ലാം വിധത്തിലുള്ള സുരക്ഷാ ഏർപ്പാടുകൾ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) കിഴക്കേ ഗോപുരത്തിലും പടിഞ്ഞാറെ ഗോപുരത്തിലും എത്ര മെറ്റൽ ഡിറ്റക്ടറുകൾ സ്ഥാപിച്ചിട്ടുണ്ട്;

(സി) ഭക്തജനങ്ങളുടെ അസൗകര്യം ദൂരീകരിക്കുന്നതിനായി രണ്ട് മെറ്റൽ ഡിറ്റക്ടറുകൾ വീതം പ്രസ്തുത ഗോപുരത്തിൽ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഗുരുവായൂർ ക്ഷേത്രത്തിന് ചുറ്റുമുള്ള കെട്ടിടങ്ങളിൽ വിശേഷിച്ച് ഹോട്ടലുകളിൽ ഭീകരന്മാർ വന്ന് തങ്ങാതിരിക്കാൻ എന്തെല്ലാം ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്;

(ഇ) ഗുരുവായൂർ ക്ഷേത്ര മതിൽകെട്ടിനകത്ത് ഷോർട്ട് സർക്യൂട്ട് ക്യാമറകൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ;

(എഫ്) ഗുരുവായൂർ ക്ഷേത്രത്തിന് പുറത്ത് നാലുചുറ്റിലും പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ഷോർട്ട് സർക്യൂട്ട് ക്യാമറ സ്ഥാപിക്കുവാൻ ഉദ്ദേശമുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്താമോ;

(ജി) ഷോർട്ട് സർക്യൂട്ട് ക്യാമറകളുടെ പ്രവർത്തനം ഭീകരരെ കണ്ടെത്താൻ ഫലപ്രദമാണോ ?

ഉത്തരം

(എ) ഗുരുവായൂർ ക്ഷേത്രത്തിന്റെ പ്രധാന പ്രവേശന കവാടങ്ങൾവഴി പ്രവേശിക്കുന്ന ഭക്തജനങ്ങളെ പോലീസ്, കെൽസോ ഗാർഡുകൾ, ദേവസ്വം കാവൽക്കാർ എന്നിവർ മുഖേന സുരക്ഷാ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്.

(ബി) 13-2-2005-ലെ ബോംബു ഭീഷണിയുടെ അടിസ്ഥാനത്തിൽ കിഴക്കേ ഗോപുരത്തിൽ രണ്ടും പടിഞ്ഞാറേ ഗോപുരത്തിൽ ഒന്നും മെറ്റൽ ഡിറ്റക്ടർ താൽക്കാലികമായി സ്ഥാപിച്ചിരുന്നു.

(സി) ഇക്കാര്യം ദേവസ്വം ഭരണസമിതിയുടെ പരിഗണനയിലുണ്ട്.

(ഡി) ദേവസ്വം വക റസ്റ്റ് ഹൗസുകൾ, ഗസ്റ്റ് ഹൗസ് എന്നിവയിൽ ഭക്തജനങ്ങൾക്ക് താമസ സൗകര്യം നൽകുമ്പോൾ, സംശയാസ്പദമായ സാഹചര്യങ്ങളിൽ പോലീസിന്റെ സേവനം ലഭ്യമാക്കുന്നുണ്ട്. സ്വകാര്യ ലോഡ്ജുകളും പോലീസിന്റെ നിരീക്ഷണത്തിലാണ്.

(ഇ) മതിൽകെട്ടിനകത്ത് പ്രധാന സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഷോർട്ട് സർക്യൂട്ട് ക്യാമറകൾ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്.

(എഫ്) കിഴക്കേ നടയിൽ 2 ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ക്ഷേത്രത്തിനു ചുറ്റും സുരക്ഷിതമായ മതിൽ ഉള്ളതിനാൽ കൂടുതൽ ക്യാമറകൾ സ്ഥാപിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ജി) ക്യാമറകളുടെ പ്രവർത്തനം സുരക്ഷിതത്വ കാര്യങ്ങളിൽ ഏറെ പ്രയോജനകരമാണ് എന്ന് കണ്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly